എടത്വാ ഇന്റഗ്രേറ്റഡ് ഫിഷ് ഫാമിലേക്കുള്ള റോഡ്

199 (1669) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കുട്ടനാട് നിയോജകമണ്ഡലത്തിൽ എടത്വായിൽ സ്ഥിതിചെയ്യുന്ന ഇന്റഗ്രേറ്റഡ് ഫിഷ് ഫാമിലേക്ക് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ കീഴിൽ റോഡുനിർമ്മാണത്തിന് സമർപ്പിച്ച അപേക്ഷകളിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ ?

ഉത്തരം

കുട്ടനാട് നിയോജകമണ്ഡലത്തിലെ ഇന്റഗ്രേറ്റഡ് ഫിഷ് ഫാമിലേക്കുള്ള റോഡ് നിർമ്മിക്കുന്നതിനുള്ള 41 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് 16-2-2011-ലെ ജി.ഒ.(ആർ.റ്റി) 134/2011/എഫ്&പി.ഡി ഉത്തരവ് പ്രകാരം ഭരണാനുവാദം നൽകിയിട്ടുണ്ട്.

മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി

200 (1670) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളി കടാശ്വാസകമ്മീഷന്റെ പ്രവർത്തനം വഴി ആലപ്പുഴ ജില്ലയിലും അരൂർ മണ്ഡലത്തിലും എത്രയാളുകൾക്കാണ് പ്രയോജനം ലഭിച്ചതെന്ന് വെളിപ്പെടുത്തുമോ ;

(ബി) കടാശ്വാസകമ്മീഷനിൽ ലഭിച്ച അപേക്ഷകൾ മുഴുവനും തീർപ്പാക്കിയോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആലപ്പുഴ ജില്ലയിൽ 12462 പേർക്കാണ് കടാശ്വാസത്തിനായി കമ്മീഷൻ ശുപാർശ ചെയ്തത്. മത്സ്യഭവൻ അടിസ്ഥാനമാക്കിയാണ് അപേക്ഷകൾ തരംതിരിച്ചിട്ടുള്ളത്. നിയമസഭാ മണ്ഡലം അടിസ്ഥാനമാക്കിയുള്ള കണക്ക് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ അരൂർ മണ്ഡലവുമായി ബന്ധപ്പെട്ട് കടാശ്വാസം ലഭിച്ചവരുടെമാത്രം കണക്ക് ലഭ്യമല്ല.

(ബി) കടങ്ങളെ വായ്പകൾ നൽകിയ സ്ഥാപനങ്ങളെ അടിസ്ഥാനമാക്കി പല സ്റ്റേജുകളിലായി തീർപ്പാക്കിവരുന്നു.

പീലിംഗ് തൊഴിലാളികളുടെ ക്ഷേമത്തിന് സ്വീകരിച്ച നടപടികൾ

201 (1671) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പീലിംഗ് തൊഴിലാളികളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി നിയോഗിച്ച വിദഗ്ദ്ധസമിതിയുടെ റിപ്പോർട്ട് ലഭിച്ചുവോ ; ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) പീലിംഗ് തൊഴിലാളികളുടെ ക്ഷേമത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly